# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി11/1766/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി-10.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി11/1766/2017 തീയതി – 10.10.2017

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.10.2016 മുതൽ 02.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി,എം. രതീഷ്കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.8.2017 മുതൽ 1.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.വി.ബീന | ഓഡിറ്റർ |
| | കുമാരി.പി.കാർത്തിക | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജൻ@പൊൻരാജൻ | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.കെ.കെ.ജയകുമാർ | 1.4.16 മുതൽ 31.3.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.അരുൺ.ടി.ടി | 1.4.16 മുതൽ 5.7.16 വരെ |
| | ശ്രീമതി.പി.എം. ശ്രീദേവി | 6.7.16 മുതൽ 17.10.16 വരെ |
| | ശ്രീ.ജാഫിൻ ജെ ഡി | 18.10.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സേതു. എഫ് | 1.4.16 മുതൽ 2.4.16 വരെ |
| | ശ്രീ. അനുരാജ് കെ.ബി | 3.4.16 മുതൽ 30.9.16 വരെ |
| | ശ്രീമതി.സുഷമ.വി.എസ് | 1.10.16 മുതൽ 17.3.17 വരെ |
| | ശ്രീ. നിധിൻ .എം | 18.3.17മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക, GLPS, കൊടുന്തിരപ്പുള്ളി | ശ്രീമതി.വി.കുമുദം | 1.4.16 മുതൽ 9.6.16 വരെ |
| | ശ്രീ. ശെൽവകുമാർ.എസ് | 10.6.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ശ്രീ.കൃഷ്ണദാസ്.പി | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോഭന.കെ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഡീനാ ഡേവിഡ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ദീപ.എസ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. സുനിത | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. വി.പി.രാജൻ | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 22.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 13.1.17 തീയതിയിലെ 11-ാം നം. തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 10.8.2017 | --- | --- |

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9 (1) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്ക് സമർപ്പിക്കേണ്ടതാണ്. സമയപരിധിക്കകം വാർഷിക കണക്ക് സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹. 2262256 |
| വരവ് | ₹. 49448479 |
| ആകെ | ₹. 51710735 |
| ചെലവ് | ₹. 43768074 |
| നീക്കിയിരിപ്പ് | ₹. 7942661 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 15287917 | 15287917 | 11414455 | 3873462 | 74.66 |
| വികസന ഫണ്ട് എസ് സി പി | 0 | 4796991 | 4796991 | 872164 | 3924827 | 18.18 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് ടി.എസ്.പി. | 0 | 614067 | 614067 | 450000 | 164067 | 73.28 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3817815 | 3817815 | 0 | 3817815 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 4202130 | 4202130 | 3749487 | 452643 | 89.22 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7536963 | 7536963 | 3738750 | 3798213 | 49.60 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 5054283 | 5054283 | 2751672 | 2302611 | 54.44 |
| പെർഫോമൻസ് ഗ്രാന്റ് (State) | 0 | 1180061 | 1180061 | 0 | 1180061 | 0 |

* സംരക്ഷണ ഗ്രാന്റ്, പോർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) എന്നിവയിൽ നിന്നും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഖണ്ഡിക 3-16 കാണുക.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 69 | 63242966 | 45 | 23210328 | 0 | 24 | 65.21 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 2968820 | 474222 | 15.9 |
| വെറ്ററിനറി സർജൻ | 4 | 2 | 5250000 | 156250 | 2.97 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 7 | 5 | 1124474 | 587478 | 52.2 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 450000 | 449410 | 99.8 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ. | 2 | 2 | 23722000 | 8227000 | 34.6 |
| വി.ഇ.ഒ II | 5 | 4 | 5790000 | 1830000 | 31.6 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 2510000 | 2500949 | 99.6 |
| സെക്രട്ടറി | 12 | 11 | 4048449 | 3870266 | 95.5 |
| പ്രധാനാദ്ധ്യാപിക | 4 | 4 | 859650 | 858300 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 27 | 9 | 16319573 | 4056453 | 24.8 |
| ആകെ | 69 | 45 | 63242966 | 23210328 | 36.7 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 70.55 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം (+)/(-) | വ്യത്യാസം ശതമാനത്തിൽ (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1640064 | 3291168 | (+)1651104 | (+) 100.67 |
| നികുതിയേതര വരവുകൾ | 807872 | 962988 | (+)155116 | (+) 19.2 |
| മറ്റു വരവുകൾ | 119600 | 11435 | (-) 5249 | (-) 4.3 |
| ആകെ | 2567536 | 4368507 | 1800971 | 70.15 |

മുൻ വർഷത്തെ മറ്റു വരവിൽ നിന്നും GPG വരവ് 5434580/- രൂപ ഒഴിവാക്കിയ തുകയാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3 | 3 | 0 |
| 2 | തൊഴിൽ രഹിത വേതനം | 11 | 3 | 8 |
| 3 | വിധവാ പെൻഷൻ | 132 | 121 | 11 |
| 4 | വികലാംഗ പെൻഷൻ | 11 | 10 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 7 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 650 | 590 | 60 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.8.17ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7063/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് സമിതിയുടെ യോഗതീരുമാനങ്ങളും യോഗനടപടിക്രമവും രേഖപ്പെടുത്തുന്നതിലെ അപാകതകൾ

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 ൽ യോഗതീരുമാനങ്ങളും യോഗ നടപടിക്രമവും രേഖപ്പെടുത്തുന്ന വിധം പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിലെ നിർദ്ദേശങ്ങൾ പലതും പാലിച്ചിട്ടില്ല.

ചട്ടം 26(3) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്ററും പഞ്ചായത്തിന്റെ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്. ചട്ടം 26(7) പ്രകാരം പഞ്ചായത്ത് യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളുടെയും പ്രസ്താവനകളുടെയും സെക്രട്ടറി നൽകിയ അഭിപ്രായങ്ങളുടെയും ക്രമ പ്രശ്നങ്ങളിൻമേൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളുടേയും രത്നചുരുക്കവും, ഏതെങ്കിലും വിഷയത്തിൽ വോട്ടെടുപ്പ് നടന്നുവെങ്കിൽ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ടു ചെയ്ത അംഗങ്ങളുടെ പേരു വിവരവും, അനുവദിക്കപ്പെട്ട ചോദ്യങ്ങളും അവയ്ക്ക് നൽകപ്പെട്ട ഉത്തരങ്ങളും, പഞ്ചായത്ത് പാസാക്കിയ തീരുമാനങ്ങളും പ്രമേയങ്ങളും യോഗ നടപടിക്കുറിപ്പുകളായി വിശദമായി മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

മിനിട്സിലെ രേഖപ്പെടുത്തലുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

- തീരുമാന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- 2.2.16 മുതൽ 25.1.17 തീയതിവരെയുള്ള തീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനുട്സ് ബുക്കിൽ പേജ് 98 മുതൽ 100 വരെ, 200 മുതൽ 204 വരെ, 260 മുതൽ 272 വരെ, 282 മുതൽ 288 വരെ ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു.
- 25.1.17 മുതലുള്ള തീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനുട്ട്സ് ബുക്കിൽ പേജ് 34 മുതൽ 46 വരെ, 76 മുതൽ 86 വരെ, 162 മുതൽ 172 വരെ വരെ ഒന്നും രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു.
  1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് രേഖകൾ സൂക്ഷിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.8.2017 | 1.7.17 to 31.7.17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.5.11 | 2006-07 to 2010-11 | 1.7.11 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

A) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| മെത്തക്കളം ക്ഷീരോൽപ്പാദക | 2 | ഒന്നാം അർദ്ധ | രണ്ടാം അർദ്ധ |

| | | | |
|---|---|---|---|
| സഹകരണ സംഘം | | വർഷം 480/- | വർഷം |

ടി സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

B) B.S.N.L ടെലികോം ഓഫീസ്, എരുത്തേമ്പതി ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2016-17 സാമ്പത്തിക വർഷത്തിലെ ഒന്നും രണ്ടും അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ടി സ്ഥാപനങ്ങളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജീവനക്കാരുടെയും വരുമാനത്തിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

C) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, ഗോപാലപുരം | ഒന്നും രണ്ടും അർദ്ധ വർഷം |
| മെത്തക്കളം ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |
| മാങ്കപ്പള്ളം ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |
| കുമരന്നൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |
| പശുധ ഡയറി പ്രൊഡക്ട്സ്, എരുത്തേമ്പതി | ഒന്നും രണ്ടും അർദ്ധ വർഷം |
| കൊശമറ്റം ഫിനാൻസ് ലിമിറ്റഡ്, R.V.P പുതൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| ബി.എസ്.എൻ.എൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| എരുത്തേമ്പതി ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

D) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിടം നം./ വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 368/4 | റിത്വിക് പ്ലാസ്റ്റിക് കമ്പനി | 14 |
| 2 | 506/7 | N.V ഫ്യുവൽസ് | 8 |
| 3 | 3/5 | ശ്രീ വിഷ്ണു പോളിമേഴ്സ് | 6 |
| 4 | 198/10 | ഫ്ലോറ മോഡേൺ റൈസ് മിൽ | 9 |
| 5 | 77/12 | ഹോട്ടൽ ഗോപാലപുരം ഇന്റർനാഷണൽ | 10 |
| 6 | 308/11 | സപ്തഗിരി റിഫൈനറീസ് | 18 |
| 7 | 401/4 | വൃഡ്രിക്സ് പ്രിസ്റ്റക്ച്ചേഴ്സ് Pvt. Ltd. | 6 |
| 8 | 30/5 | പെരിയനായകി അമ്മൻ പ്ലാസ്റ്റിക്സ് | 10 |
| 9 | 492/9 | അയ്യപ്പ ട്രേഡിംഗ് കമ്പനി | 5 |
| 10 | 426/3 | J.S.H ഇൻഡസ്ട്രീസ് | 11 |
| 11 | 198,199/6 | പ്യാരിലാൽ ഹോംസ് Pvt. Ltd. | 50 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ, തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി, ഈയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **2-2** കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകതകൾ

A. നിലം നികത്തി കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

നിലം നികത്തി നിർമ്മിക്കുന്ന വീടുകൾ 10 വർഷത്തേക്ക് ഉപയോഗ മാറ്റം വരുത്തരുതെന്ന് 27-10-2012 ലെ 61519/ആർ.എ.1/ 2011/ത.സ്വ.ഭ.വ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇത്തരം കെട്ടിടങ്ങളുടെ ഒക്യുപൻസി മാറ്റം 10 വർഷത്തേക്ക് അനുവദിക്കുന്നതല്ല. താഴെപറയുന്ന വ്യക്തിക്ക് നിലം നികത്തി വീട് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും പെർമിറ്റിൽ ടി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

| പെർമിറ്റ് നം. | അപേക്ഷകന്റെ പേര്, സ്ഥലം | വിസ്തീർണ്ണം ($m^2$) | ഈടാക്കിയ ഫീസ് | പെർമിറ്റിന്റെ കാലാവധി |
|---|---|---|---|---|
| 9/16-17 | ഹരികൃഷ്ണൻ, കൈകാട്ടി, എരുത്തേമ്പതി | 88.78 | 286 | 30—04-16 മുതൽ 29-04-19 വരെ |

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

B. പ്രഗതീശൻ, വണ്ണാമട എന്ന വ്യക്തിക്ക് കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം. | അപേക്ഷകന്റെ പേര്, സ്ഥലം | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണ്ണം ($m^2$) | ഈടാക്കേണ്ട ഫീസ് | പെർമിറ്റിന്റെ കാലാവധി |
|---|---|---|---|---|---|
| 16/16-17 | പ്രഗതീശൻ, വണ്ണാമട | പാർപ്പിടം | 93.10 | 279 | 11-07-16 മുതൽ 10-07-19 വരെ |

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

C) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 -ചട്ടം 11(3) പ്രകാരം വില്ലേജ് പഞ്ചായത്ത് കാറ്റഗറി II ൽ ഉൾപ്പെടുന്ന എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിൽ കെട്ടിടങ്ങളുടെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ വാസഗൃഹങ്ങൾക്ക് (Group A1) 3/- രൂപ നിരക്കിലും മറ്റ് ഉപയോഗങ്ങൾക്ക് (other than Group A1) 5/- രൂപ നിരക്കിലുമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി, എരുത്തേമ്പതി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന് വ്യാവസായികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം. | അപേക്ഷകന്റെ പേര്, സ്ഥലം | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണ്ണം ($m^2$) | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 35/16-17 | സെക്രട്ടറി, എരുത്തേമ്പതി ക്ഷീരോൽപ്പാദക സഹകരണ സംഘം | വ്യാവസായികാവശ്യം | 230.83 | 692 | 1154 | 462 |

പെർമിറ്റ് ഫീസ് ഈടാക്കിയപ്പോൾ കുറവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഈടാക്കേണ്ടതാണ്. (എൻക്വയറി നം.

13/02.09.2017)

## 2-3 ഡി ആന്റ് ഒ ലൈസൻസ് - അപാകതകൾ

A)2016-17 സാമ്പത്തിക വർഷത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 'ഡി & ഒ' ലൈസൻസ് ഫീസ് , ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ഫീസിന് വിരുദ്ധമായി കുറവ് ഫീസാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ഫീസ് | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1 | 5/16-17 | റിത്വിക് പ്ലാസ്റ്റിക് കമ്പനി | 85000 | 1000 | 2000 |
| 2 | 20/16-17 | വില്ലന്നി ക്ഷീരോൽപ്പാദക സഹകരണ സംഘം | 78000 | 1000 | 2000 |
| 3 | 34/16-17 | പ്യാരിലാൽ ഹോംസ് Pvt. Ltd., വണ്ണാമട | 300000 | 1360 | 4000 |
| 4 | 51/16-17 | R.V.P പുളർ ക്ഷീരോൽപ്പാദക സഹകരണ സംഘം | 61250 | 1000 | 2000 |

സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുമ്പോൾ പ്രതിദിന വിറ്റുവരവിന് ആനുപാതികമായി ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നം. 3 പ്രകാരമുള്ള പ്യാരിലാൽ ഹോംസ് പ്രൈവറ്റ് ലിമിറ്റഡ്, വണ്ണാമട എന്ന സ്ഥാപനത്തിന്റെ ഒരു ദിവസത്തെ വിറ്റുവരവിന് ആനുപാതികമായി ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ നിരക്ക് 2000/- രൂപയാണ്. ആയതിനാൽ 640/- രൂപ ഏറ്റവും കുറഞ്ഞ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഈടാക്കേണ്ടതാണ്. (എൻക്വയറി നം. 9/31.08.07)

B) താഴെ പറയുന്ന സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതിപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

| ലൈസൻസ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 55/2016-17 | രമേഷ്, ശ്രീനഗർ, മൂങ്കിൽമട, വണ്ണാമട (po) | ഹോളോബ്രിക്സ് നിർമ്മാണ കമ്പനി |

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. (എൻക്വയറി നം.9)

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന 2005-06 മുതൽ 2013-14 വരെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല എന്ന് കണ്ടെത്തി.

| ഇനം | തുക |
|---|---|
| Contractors EMD | 508973 |
| Supplers EMD | 2300 |
| Bidders EMD | 32400 |
| Contractors SD | 23000 |
| Supplers SD | 2950 |
| Contractors Retention | 9920 |
| Water Deposit | 2000 |
| Total | 581543 |

മൂന്നു വർഷ കാലാവധി കഴിഞ്ഞിട്ടും ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുക 581543 രൂപ കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 7/31.8.17)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- ഗ്രാമപഞ്ചായത്തിന് അധികബാധ്യത

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 17 കുടിവെള്ള പദ്ധതികളിലായി ആകെ 410 ഗാർഹിക കണക്ഷനുകളും 3 വ്യാവസായിക കണക്ഷനുകളുമാണുള്ളത്. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 100 രൂപയും ഗാർഹികേതര കണക്ഷനുകൾക്ക് 200 രൂപയുമാണ് വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നത്. ഓരോ പദ്ധതിക്കു കീഴിലും യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2016-17 വർഷത്തെ വെള്ളക്കരം ഡിമാന്റ് 254646 രൂപയാണ്. തൻവർഷ വരവ് 295900 രൂപയും കുടിശ്ശിക വരവ് 13210 രൂപയുമാണ്. തൻവർഷത്തെ കുടിശ്ശികയടക്കം 315936 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതിചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വൻ ചെലവ് വരുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 700310 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 65975 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 88195 |
| ആകെ | 854480 |

വെള്ളക്കരമിനത്തിലുള്ള തൻവർഷ വരവും ചെലവും തമ്മിൽ 558580 രൂപയുടെ അന്തരം കാണുന്നു.

കുടിവെള്ള പദ്ധതികൾക്കു പുറമെ 91 പൊതുടാപ്പുകൾക്ക് 5250 രൂപ പ്രകാരം 27563 രൂപയും പ്രതിമാസം അടവാക്കുന്നു. ജല അതോറിറ്റിയുമായി ചേർന്ന് പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

വാട്ടർ അതോറിറ്റിയിലേക്ക് കുടിശ്ശികയായി 28469996 രൂപ അടവാക്കുവാൻ അവശേഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

- ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. വാർഷികകണക്ക് പ്രകാരം 315936 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
- വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- സർക്കാർ ഉത്തരവ് (സാധാ.) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയതും ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തുന്നതുമായ കുടിവെള്ള പദ്ധതികളുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
- പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിന് അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായ പൊതു

കുടിവെള്ള ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ വേലന്താവളം, കൊഴിഞ്ഞാമ്പാറ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഒടുക്കുന്നത്. സെക്ഷന്റെ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| തരം | തെരുവ് വിളക്കുകളുടെ എണ്ണം | |
|---|---|---|
| | കൊഴിഞ്ഞാമ്പാറ | വേലന്താവളം |
| സി.എഫ്.എൽ 22W | 168 | 392 |
| സി.എഫ്.എൽ 44W | 10 | - |
| സിംഗിൾ ട്യൂബ് | 151 | 102 |
| ഡബിൾ ട്യൂബ് | 153 | 14 |
| സോഡിയം വേപ്പർ ലാമ്പ് | 16 | 14 |
| ആകെ എണ്ണം | 498 | 422 |

കൊഴിഞ്ഞാമ്പാറ സെക്ഷന്റെ കീഴിലെ തെരുവുവിളക്കുകൾക്ക് പ്രതിമാസം 37439 രൂപയും വേലന്താവളം സെക്ഷന്റെ കീഴിലെ തെരുവുവിളക്കുകൾക്ക് പ്രതിമാസം 18126 രൂപയും വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിരക്ക് നിശ്ചയിച്ചതിന്റെ ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. തെരുവ് വിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്തും കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ പ്രകാശിക്കാത്ത തെരുവുവിളക്കുകൾക്കും ചാർജ്ജ് നൽകി വരുന്നുണ്ടോ എന്ന് ഉറപ്പാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

- പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.
- തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി പ്രവർത്തിക്കാത്ത വിളക്കുകൾക്ക് ചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/31.8.17) ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 3-3 ദിവസവേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റിനെ നിയമിച്ച് വേതനം നൽകിയത്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തസ്തിക ഒഴിവില്ലാതെയാണ് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകിയിട്ടുള്ളത്. 2016-17 വർഷത്തിൽ തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ഏത് മാസത്തെ വേതനം | വേതനമായി നൽകിയ തുക | വേതനം കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 21600006/2.4.16 | 03/16 | 8800 | ശ്രീമതി.ജയന്തി |
| 21600084/2.5.16 | 04/16 | 16200 | " |
| 21600142/16.6.16 | 05/16 | 16875 | " |
| 21600225/1.7.16 | 06/16 | 16875 | " |
| 21600287/1.8.16 | 07/16 | 16200 | ശ്രീമതി നിഷ |
| 21600362/1.9.16 | 08/16 | 15525 | " |
| 21600476/1.10.16 | 09/16 | 12150 | " |
| 21600564/1.11.16 | 10/16 | 13500 | " |
| 21600640/1.12.16 | 11/16 | 16200 | " |
| 21600742/3.1.17 | 12/16 | 16200 | " |
| 21600819/1.2.17 | 01/17 | 14850 | " |
| 21600897/1.3.17 | 02/17 | 14850 | ശ്രീമതി.ജയന്തി |
| ആകെ | | 178225 | |

ജി.ഒ (പി) 28/2016/ധനം/26.2.2016, ജി.ഒ (പി) 136/2016/ധനം/7.9.2016 എന്നിവ പ്രകാരം ദീർഘകാലാടിസ്ഥാനത്തിൽ ആളെ നിയമിച്ച് വേതനം നൽകാവുന്നതല്ല. നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/31.8.17) മറുപടി നൽകുകയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയതിട്ടില്ല. തസ്തിക ഒഴിവില്ലാതെ ദിവസവേതനാടിസ്ഥനത്തിൽ ആളെ നിയമിച്ച് വേതനം നൽകുന്നതിന് ചെലവഴിച്ച തുക 178225/- രൂപ തടസപ്പെടുത്തുന്നു. ശുഷ്കമായ തനത് ഫണ്ട് മാത്രമുള്ള ഗ്രാമപഞ്ചായത്തിന് ഇത്തരത്തിലുള്ള ചെലവ് അധിക ബാധ്യതയുണ്ടാക്കുന്നു. ചെലവിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 സാക്ഷരതാ പ്രേരക് - ഓണറേറിയം റീക്കുപ്പ് ചെയ്യേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 2 സാക്ഷരതാ പ്രേരകുമാരുടെ ഹോണറേറിയം തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഹോണറേറിയം നൽകുന്നതിന് 151614 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ₹ 151614 നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 സംയുക്ത പദ്ധതികൾക്കായി ലഭ്യമായ വിഹിതങ്ങൾ വിനിയോഗിച്ചിട്ടില്ല

എ)അങ്കണവാടി പോഷകാഹാര പദ്ധതി -പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1132672/- രൂപ ചെലവഴിക്കാതെ സെൻട്രൽ ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1177763 |
| വരവ് | 1041829 |
| ആകെ | 2219592 |
| ചെലവ് | 1086920 |
| നീക്കിയിരുപ്പ് | 1132672 (629458 – ട്രഷറി<br>ടിഎസ്ബി അക്കൗണ്ട് |

| | |
|---|---|
| | 503214 -കനറാ ബാങ്ക് (A/c.No. 1792201000017) |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) പെയിൻ & പാലിയേറ്റീവ് എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 300000/-രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

പദ്ധതി തയ്യാറാക്കി തുക വിനിയോഗിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/31.8.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി - തുക ചെലവഴിച്ചിട്ടില്ല

പ്രൊജക്ട് നം. 6/17 – ആശ്രയ പദ്ധതി

അടങ്കൽ- 100000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ആശ്രയ പദ്ധതി നടത്തിപ്പിനു വേണ്ടി ട്രഷറി ബിൽ നം. 17/20.1.17 പ്രകാരം 100000/- രൂപ പിൻവലിച്ച് ചെക്ക് നം. 141374/10.2.17 പ്രകാരം കുടുംബശ്രീ അക്കൗണ്ടിലേക്ക് (കനറാ ബാങ്ക് A/c. No. 1792101012474) നൽകിയിട്ടുണ്ട്. തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല. തുക ചെലവഴിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/31.8.17ന് ഒന്നാം ഘട്ടം ആശ്രയ പദ്ധതിയുടെ ഫണ്ട് തീർന്നതിനാൽ, തുടർ സേവനത്തിനുള്ള പ്രൊജക്ട് റീവിസിറ്റ് ചെയ്ത് കുടുംബശ്രീ ജില്ലാ ഓഫീസിൽ നൽകിയത് പാസ്സാവാത്തതിനാലും ചലഞ്ച് ഫണ്ട് ഇല്ലാത്തതിനാലുമാണ് തുക ചെലവഴിക്കാൻ സാധിക്കാത്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്പിൽ ഓവർ അംഗീകാരം ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ആശ്രയ രണ്ടാം ഘട്ടം പദ്ധതി തയ്യാറാക്കി ജില്ലാ മിഷനിലേക്ക് സമർപ്പിച്ചിട്ടുണ്ട് എങ്കിലും നാളിതു വരെ അംഗീകാരം ലഭിച്ചിട്ടില്ല.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ്

2006 വർഷത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ₹.93564/-പിരിച്ചെടുത്ത് ICICI ലംബാർഡ് എന്ന ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതം സർക്കാർ നൽകാത്തതിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയും ഗുണഭോക്തൃ വിഹിതം തിരികെ പഞ്ചായത്തിന് ലഭ്യമാവുകയും ചെയ്തു. (കനറാ ബാങ്ക് A/c. No.1792201000017) ടി പദ്ധതി പ്രകാരം പിരിച്ചെടുത്ത തുക 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം (AFS Schedule B-4) ഉള്ള ₹. 93564/- രൂപ നാളിതുവരെയും ഗുണഭോക്താക്കൾക്ക് തിരികെ നൽകാതെ അവശേഷിക്കുന്നു. ആയത് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/31.8.17ന് നടപടിക്രമം അനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ഭവന പുനരുദ്ധാരണം - പദ്ധതികൾ പൂർത്തികരിച്ചില്ല

എ). പ്രോജക്ട് നമ്പർ SOO57/17 - ഭവന പുനരുദ്ധാരണം - വൃദ്ധർ

ആകെ അടങ്കൽ - 880000 വികസന ഫണ്ട് – 867016 + തനതു ഫണ്ട് – 12984)

ചെലവ് - 330000

ബിൽ നമ്പർ – 12/16-17 തീയതി 31.03.17 – 330000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ SOO57/17 - ഭവന പുനരുദ്ധാരണം (വൃദ്ധർ)

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 13 ഗുണഭോക്താക്കൾ പദ്ധതി തുകയുടെ ഒരു ഗഡു കൈപ്പറ്റിയിട്ടുണ്ട്. ഭവന പുനരുദ്ധാരണം നാളിതുവരെ പൂർത്തികരിച്ചില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|
| മറാത്ത, ചെട്ടിക്കളം, എരുത്തേൻപതി | 10000 | 10000 |
| തങ്കമ്മ.എസ് w/o ആരോഗ്യസ്വാമി കൗണ്ടൻകളം | 10000 | 10000 |
| വേശ്യ. w/o കേശവൻ വില്ലുന്നി | 10000 | 10000 |

| | | |
|---|---|---|
| സരസ്വതി w/o വെള്ളിങ്കിരി എരുത്തേൻപതി | 10000 | 10000 |
| മണി w/o (L) ഗോപാലൻ | 10000 | 10000 |
| ആറുച്ചാമി s/o ആറുമുഖൻ ചുണ്ണാമ്പുചൂള, നട്ടപ്പുണി | 10000 | 10000 |
| തങ്കവേലു s/oമാലിചെട്ടിയാർ വെസ്റ്റ് കോളനി, വണ്ണാമട | 10000 | 10000 |
| വള്ളിയമ്മാൾ w/o (L) ചന്ദ്രൻ നടരാജ കൗണ്ടർകോളനി | 10000 | 10000 |
| ദാക്ഷായണി w/o തീത്തുണ്ണി വഴക്കുപ്പാറ, വണ്ണാമട | 10000 | 10000 |
| മൈലാത്താൾ w/o നടരാജൻ ഗാന്ധിനഗർ | 10000 | 10000 |
| ഭാഗ്യമ്മാൾ w/o വെള്ളിങ്കിരി ഇന്ദിരാനഗർ കോളനി | 10000 | 10000 |
| ലൂയീസ് s/o യാഗപ്പൻ പോത്തിക്കൽ, എരുത്തേമ്പതി | 10000 | 10000 |
| മരിയാസെൽവൻ, ഒടക്കര വീട്, എരുത്തേമ്പതി | 10000 | 10000 |

ബി) . പ്രോജക്ട് നമ്പർ SOO42/17 - ഭവനപുനരുദ്ധാരണം - വനിത – എസ്.സി

ആകെ അടങ്കൽ - 1680000 ( വികസനഫണ്ട് - എസ്.സി.പി)

ചെലവ് - 110000

ബിൽ നമ്പർ - 10/16-17 തീയതി 31.03.17 - 110000

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 5 ഗുണഭോക്താക്കൾ പദ്ധതി തുകയുടെ ഒരു ഗഡു കൈപ്പറ്റിയിട്ടുണ്ട്. ഭവനപുനരുദ്ധാരണം നാളിതുവരെ പൂർത്തികരിച്ചില്ല.

| പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|
| രാമാത്താൾ w/o (L) പെരിയകറുപ്പൻ കാമരാജ് കോളനി | 10000 | 10000 |
| തിരുമാൾ w/o മാരൻ നട്ടപ്പുണി | 10000 | 10000 |
| ഈശ്വരി w/o തിരുമൂർത്തി കരുമാണ്ടകൗണ്ടനൂർ | 10000 | 10000 |
| സുബ്ബലക്ഷ്മി w/o വീരമുത്തു വണ്ണാമട | 10000 | 10000 |
| മഹാലക്ഷ്മി w/o കുപ്പുസ്വാമി ഇന്ദിരാനഗർ കോളനി | 10000 | 10000 |

സി) . പ്രോജക്ട് നമ്പർ SOO105/17 - ഭവനപുനരുദ്ധാരണം - വനിത – എസ്.സി

ആകെ അടങ്കൽ - 1420000 ( വികസനഫണ്ട് - എസ്.സി.പി)

ചെലവ് - 460000

ബിൽ നമ്പർ - 11/16-17 തീയതി 31.03.17 - 460000

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 14 ഗുണഭോക്താക്കൾ പദ്ധതി തുകയുടെ ഒരു ഗഡു കൈപ്പറ്റിയെങ്കിലും ഓഡിറ്റ് തീയതി വരെ ഭവന പുനരുദ്ധാരണം പൂർത്തികരിച്ചില്ല.

| പേര് | കൈപ്പറ്റിയ തുക | ബാക്കി നൽകാനുള്ള തുക |
|---|---|---|
| കുപ്പുസ്വാമി, s/o. പളനി, മൂങ്ങിൽമട | 10000 | 10000 |
| സുബ്രമണ്യൻ, s/o. കറുപ്പുസ്വാമി, വില്ലുന്നി | 10000 | 10000 |
| അരാൻ, s/o. രംഗൻ, മുങ്ങപ്പള്ളം | 10000 | 10000 |
| പഴനി, s/o. രംഗൻ, മൂങ്ങിൽമട | 10000 | 10000 |
| ചന്ദ്രിക, W/o. രംഗൻ, വണ്ണാമട | 10000 | 10000 |
| വീരസ്വാമി, s/o. കറുപ്പൻ, കോഴിപ്പതി | 10000 | 10000 |
| അന്നപൂർണ്ണി, W/o. തങ്കവേൽ, ഇന്ദിരാനഗർ | 10000 | 10000 |
| വീരൻ, s/o. കറുപ്പൻ, മൂങ്ങിൽമട | 10000 | 10000 |
| വെങ്കിട്ടൻ, s/o.തിരുമൻ, കാമരാജ് കോളനി, ആർ.വി.പുത്തൂർ | 10000 | 10000 |
| മുരുകൻ, s/o. പുറയൻ, ഇന്ദിരാനഗർ കോളനി, വണ്ണാമട | 10000 | 10000 |
| പാർവതി, W/o. പഴനി, കുമാരനൂർ | 10000 | 10000 |
| വീരാൾ, W/o.മയിലൻ, വണ്ണാമട | 10000 | 10000 |
| പാർവതി, W/o.കൃഷ്ണൻ, മരുതനഗർ, മൂങ്ങിൽമട | 10000 | 10000 |
| കവിത, W/o. മുത്തുസ്വാമി, മൂങ്ങിൽമട | 10000 | 10000 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്കു (നമ്പർ - 6, തീയതി 31.08.17) ഉടൻ നിർമ്മാണം പൂർത്തികരിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ S0050/17 , പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ - 1250000 (വികസന ഫണ്ട്)

(ബിൽ നമ്പർ - 02/17 തീയതി 29.03.17) - 106250

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ S0050/17, പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയുമായി

ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഗ്രാമപഞ്ചായത്ത് വിഹിതം 106250 രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രോ, പാലക്കാടിന്റെ TSB അക്കൗണ്ടിലേക്കു (നമ്പർ- 714021400000008) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു കൊടുത്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ എൻക്വയറിക്കു (നമ്പർ - 1 , തീയതി 26.08.17) മറുപടി ലഭ്യമായില്ല.

## 3-10 അങ്കണവാടികളുടെ പ്രവർത്തനം -അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 20 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ 18 എണ്ണം സ്വന്തമായി കെട്ടിടമുള്ളതും 2 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടമുള്ള 18 അങ്കണവാടികളിൽ 4 കെട്ടിടങ്ങൾ ടെറസ് ആണ്. 14 എണ്ണം ഓടിട്ട കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 13 അങ്കണവാടികളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. 18 അങ്കണവാടികളിൽ മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 17 അങ്കണവാടികളിൽ മാത്രമാണ് ടോയ്ലറ്റ് സൗകര്യം ഉള്ളത്. ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഒരു അങ്കണവാടിയിലും ഇല്ല. കുടിവെള്ള സൗകര്യം 12 അങ്കണവാടികൾക്ക് മാത്രമാണ് ഉള്ളത്. 1 അങ്കണവാടിക്ക് കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1, 2, 3 എന്നിവ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനിയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/30.08.17ന് 2016-17 ൽ ഫിറ്റനസ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ലഭ്യമായില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം - ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷത്തിൽ ഒരു പോഷകാഹാര പരിപാടി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാര പരിപാടിക്കായി തൻവർഷം വികസന ഫണ്ടിൽ നിന്നും 1350000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10,1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല.

വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4/30.08.17) THRS ഭക്ഷ്യ മിശ്രിതത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് CDPO യാണ് ലാബ് ടെസ്റ്റിന് അയക്കുന്നത് എന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് നമ്പർ SOO07/17 - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ- 200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 200000

ബിൽ നമ്പർ - 1/16-17 തീയതി 11.1.17- 200000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നമ്പർ SOO07-17 പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പ്റേറ്റീവ് ഫാർമസി ലിമിറ്റഡിന് 200000 രൂപ (ഡി.ഡി.നമ്പർ - 141258 തീയതി 20.01.17) നൽകിയിട്ടുണ്ട്. മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 5 തീയതി 31.08.17)ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും മരുന്ന് ഈ സ്ഥാപനത്തിൽ നിന്നും മരുന്ന് നൽകുന്നതിനാലുള്ള ലഭ്യതക്കുറവാണ് വിതരണത്തിനുള്ള കാലതാമസത്തിനു കാരണം എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 ഒ.ഡി.എഫ് - അപാകതകൾ

പ്രോജക്ട് നമ്പർ - S001-17 – സമ്പൂർണ്ണ ശൗചാലയം പദ്ധതി (ഒ.ഡി.എഫ്)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വി. ഇ. ഒ.

ആകെ അടങ്കൽ -22302000 (വികസനഫണ്ട്- 9702000+ജില്ലാ പഞ്ചായത്ത് ഷെയർ-12600000)

വികസന ഫണ്ട് ചെലവ് - 7767000

| | |
|---|---|
| ബിൽ നമ്പർ - 1/16-17 തീയതി - 03.09.16 | 1540000 |
| ബിൽ നമ്പർ - 2/16-17 തീയതി - 03.09.16 | 221000 |
| ബിൽ നമ്പർ - 4/16-17 തീയതി - 3.9.16 | 1540000 |
| ബിൽ നമ്പർ - 5/16-17 തീയതി - 23.09.16 | 1540000 |
| ബിൽ നമ്പർ - 6/16-17 തീയതി - 23.09.16 | 2926000 |
| | 7767000 |

പദ്ധതിയുടെ നിർവ്വഹണത്തിനായി വികസന ഫണ്ടിൽ നിന്നും 7767000 രൂപയും ടി.എസ്.സി ഷെയർ - 2655000 രൂപയുമാണ് ചെലവഴിച്ചിരിക്കുന്നത്. ഒ.ഡി.എഫ് പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച ഫണ്ടിന്റെ വിശദവിവരങ്ങൾ താഴെ പറയുന്നു.

| ഫണ്ടിനം | പിൻവലിച്ച തുക | യഥാർത്ഥ ചെലവ് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| വികസന ഫണ്ട് | 7767000 | (പലിശ 19200 രൂപ ഉൾപ്പെടെ) 10441200 | ഇല്ല |
| ടി.എസ്.സി. ഷെയർ | ചെക്ക് നം. 254993 തീ. 6.6.16 – 720000 രൂപ<br>ചെക്ക് നം. 81132 തീ. 7.11.16-1935000രൂപ<br>ആകെ – 2655000 രൂപ | | |
| ആകെ | 10422000 | 10441200 | ഇല്ല |

<u>കേന്ദ്ര ഫണ്ട് ലഭ്യമായതിന്റെ വിവരം</u>

| ചെക്ക് നം. തീയതി | തുക | |
|---|---|---|
| 122572തിയതി. 28.10.16 | 1935000 | ലഭ്യമായ തുക കനറാ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ – 1792101013816 ) ൽ നിക്ഷേപിച്ചിട്ടുണ്ട് |
| 138594 തിയതി 30.11.16 | 2290000 | |
| 122633 തിയതി 27.12.16 | 711000 | |
| 111504 തിയതി 17.03.17 | 3024000 | |
| ആകെ | 7960000 | |

<u>കേന്ദ്രഫണ്ടിന്റെ വിനിയോഗ വിവരം</u>

സർക്കാർ ഉത്തരവ് (സാധാ) നം.2235/2016/ത.സ്വ.ഭ.വ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്ര വിഹിതം, പദ്ധതി നടത്തിപ്പിലായതിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

ആകെ 732 ഗുണഭോക്താക്കൾ ഒ.ഡി.എഫുമായി ബന്ധപ്പെട്ട് കരാറിലേർപ്പെട്ടിട്ടുണ്ട്. 624 ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 108 ഗുണഭോക്താക്കൾ ആദ്യ ഗഡു 7700/- രൂപ കൈപ്പറ്റിയെങ്കിലും കക്കൂസ് നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ-06 തീയതി 31.08.17) പണി പൂർത്തീകരിക്കാത്ത ശൗചാലയങ്ങളുടെ പൂർത്തീകരണത്തിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-13 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2015-16 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള ഒരു പ്രവൃത്തിക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 39/15- പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 8300000 | 3 | 7500 | 775 | 14.10.15 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 7500 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിനം. 8/31.8.17-ന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-14 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ/ വകയിരുത്തിയ തുക | നടപ്പാക്കിയ പ്രൊജക്ടുകൾ / ചെലവഴിച്ച തുക | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|

| | | |
|---|---|---|
| 27 | 9 | 33.33% |
| 16319573 | 4056453 | 24.85% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 33.33% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 24.85 % തുക ചെലവഴിക്കാനേ സാധിച്ചിട്ടുള്ളു. 2016-17 സാമ്പത്തിക വർഷത്തിൽ 9 പുതിയ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ മെയിന്റനൻസ് ഫണ്ട് (റോഡ്) -ൽ 3817815/-രൂപ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/12.9.17 ന് ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്കരിച്ചതിനാലും ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിന്റെ ലഭ്യത കുറവും കൊണ്ടാണ് പ്രവൃത്തികൾ സ്പിൽ ഓവർ ആയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-15 എച്ച്.എം -T.R.7A ക്യാഷ്ബുക്ക് സൂക്ഷിക്കേണ്ടതാണ്

2016 - 2017 സാമ്പത്തിക വർഷത്തിൽ എച്ച്.എം വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് T.R.7A ക്യാഷ്ബുക്ക് ഉപയോഗിച്ചിട്ടില്ല. ജി.ഒ. (പി) നമ്പർ 119/ 2015 ധനം തീയതി 21.03.15 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ T.R.7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന നിഷ്കർഷിക്കുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കേണ്ടതാണ്.

# 3-16 എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : എച്ച്.എം,ജി.യു.പി.എസ്, R.V.P പുളൂർ

| | |
|---|---|
| പ്രോജക്ട് നം. | 27/17 |
| അടങ്കൽ | 639650/- |
| ചെലവ് | 639650/- |
| ട്രഷറി ബിൽ നം. | 01/16-17 തി.16-12-16 |

എസ്.എസ്.എ പഞ്ചായത്ത് വിഹിതമായി 2016-17 സാമ്പത്തിക വർഷം 639650/- രൂപ 17-12-16 തിയതിയിലെ ഡി.ഡി.നം.138794 പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസർ,

എസ്.എസ്.എ, പാലക്കാടിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-17 ജി.യു.പി.എസ്, R.V.P പുളുരിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : എച്ച്.എം,ജി.യു.പി.എസ്, R.V.P പുളുർ

| | |
|---|---|
| പ്രോജക്ട് നം. | 92/17 |
| അടങ്കൽ | 150000/- |
| ചെലവ് | 149000/- |
| ട്രഷറി ബിൽ നം. | 02/16-17 തി.24-03-17 |

ടി പദ്ധതിയിലൂടെ ജി.യു.പി.എസ്, R.V.P പുളുരിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 62400/- രൂപയുടെ (കെൽട്രോൺ PC intel core i5 processor – 1, Microsoft windows 10 home – 1, HP laser jet printer – 1) സാധനങ്ങൾ വാങ്ങിയതായി കാണുന്നുള്ളൂ. 149000/- രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ടെങ്കിലും ബാക്കി 86600/-രൂപയുടെ ഉപകരണങ്ങൾ കൈപ്പറ്റി സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. ടി തുകയുടെ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നത് വരെ 86600/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 300000 | പെയിൻ & പാലിയേറ്റീവ് | - | 300000 |

മാർച്ച് മാസത്തിലാണ് ബ്ലോക്ക് വിഹിതമായി തുക ലഭ്യമായിട്ടുള്ളത്. തുക പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | സമ്പൂർണ വൈദ്യുതീകരണം (നം.88/17) | 16/20.1.17 | 103530 | - | 103530 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | 799/10/ തസ്വഭവ തിയതി, 9.3.10 | 13764750 | 1482458 | 1376475 | --- | 105983 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 52832/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2000-01 | 3(10) | 962 | ലിയാക്കത്തലി, PWD കോൺട്രാക്ടർ, | 11605104699/8.3.17 |

| | | | | |
|---|---|---|---|---|
| | | | ചിന്നമൂലത്തറ | |
| 2012-13 | 3-1 | 18578 | ലിയാക്കത്തലി,<br>PWD കോൺട്രാക്ടർ,<br>ചിന്നമൂലത്തറ | 11605104700/8.3.17 |
| 2012-13 | 3-4 | 18000 | രുപേഷ്.സി,<br>വി.ഇ.ഒ | 11605100084/8.4.16 |
| 2012-13 | 2-1 | 80 | കെ.രാജേന്ദ്രൻ,<br>സെക്രട്ടറി | 11605100091/11.4.16 |
| 2012-13* | - | 250 | ശ്രീനിവാസൻ<br>കൃഷി ഓഫീസ് | 11605100863/28.6.16 |
| 2013-14 | 3(19) | 11558 | സുഷമ.വി.എസ്,<br>അസി.എഞ്ചിനീയർ | 11605104001/5.1.17 |
| 2013-14 | 3(18) | 1926 | എം.ബാബു,<br>PWD കോൺട്രാക്ടർ,<br>അയ്യമ്മാർകാലായ് | 11605104180/25.1.17 |
| 2013-14 | 3(1) | 478 | ഷംസുദ്ദീൻ,<br>PWD കോൺട്രാക്ടർ,<br>കുമാരനൂർ | 11605104191/25.1.17 |
| 2000-01 | 3(12) | 1000 | സജീവൻ,<br>PWD കോൺട്രാക്ടർ,<br>എരുത്തേമ്പതി | 11605104205/28.1.17 |
| ആകെ | | 52832 | | |

* ഓഡിറ്റ് എൻക്വയറി പ്രകാരം

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹.49448479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.43768074 |
| വരവിനങ്ങളിലുള്ള നഷ്ടം | 1381 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നമില്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.264825 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (ചാർജ്ജ്) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 (B) | 279 | ശ്രീ. കെ.കെ. ജയകുമാർ, സെക്രട്ടറി |
| 2-2 (C) | 462 | |
| 2-3 (A) | 640 | |
| ആകെ | 1381 | |

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 178225 | ശ്രീ. കെ.കെ.ജയകുമാർ, സെക്രട്ടറി |
| 3-17 | 86600 | ശ്രീ.ശെൽവകുമാർ, ഹെഡ്മാസ്റ്റർ |
| ആകെ | 264825 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.കെ.ജയകുമാർ സെക്രട്ടറി | സെക്രട്ടറി, എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത് | കെ.കെ.ജയകുമാർ കുട്ടിയാട്ടിൽ ഹൗസ്, പാറളം (പി.ഒ) വിങ്ങിനിശ്ശേരി തൃശ്ശൂർ – 680523 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP12/1293//01/10.01.02 | പുനരഭിപ്രായം |
| 1997-98 | LFP11/113/07/2.04.12 | ശുദ്ധിപത്രം |
| 1998-99 | LFP12/13302/03/29.04.04 | കത്ത് |
| 1999-00 | LFP14/1247/2010/4.11.10 | ആർ.ആർ.നോട്ടീസ് |
| 2000-01 | LFP11/68/07/11.09.07 | കത്ത് |
| 2001-02 | LFP11/48/09/18.11.10 | കത്ത് |
| 2002-03 | LFP11/701/10/05.08.10 | പുനരഭിപ്രായം |
| 2003-04 | LFP11/68/07/11.09.07 | കത്ത് |
| 2004-05 | LFP11/1077/12/14.06.12 | ഡയറക്ടർക്ക് റിപ്പോർട്ട് |
| 2005-06 | LFP11/861/2012/08.08.12 | കത്ത് |
| 2006-07 | LFP11/1968/13/05.02.13 | എൽ.വി.റിപ്പോർട്ട് |
| 2007-08 | LFP11/2078/13/4.12.13 | ഡയറക്ടർക്ക് റിപ്പോർട്ട് |
| 2008-09 | LFP11/709/13/18.06.13 | പുനരഭിപ്രായം |
| 2009-10 | LFP11/262/14/11.03.14 | പുനരഭിപ്രായം |
| 2010-11 | LFP11/2089/12/23.11.12 | പുനരഭിപ്രായം |
| 2011-12 | LFP11/712/14/06.06.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | LF.P11-334/15/ 26.3.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | കെ.എസ്.എ.പി.കെ.ഡി- 11/1104/2016/ 03.08.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി11/2135/2016/ 21.01.2017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി11/1766/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഫോൺ - 04912420145
e-mail – dopkd.ksad@kerala.gov.in

തിയതി - 10-10-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>അപാകതകളുടെ സംക്ഷിപ്തം</u>

1. ആസ്തികളുടെ ഓപ്പണിംഗ് മൂല്യം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD11/1766/2017

Kerala State Audit Department

District Audit Office

Palakkad

Date -10-10-2017

*Audit Certificate*

Certified that I have audited the Annual Financial Statement of ERUTHENPATHY Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of ERUTHENPATHY Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset values not ascertained and linked with Sankhya.

Deputy Director